# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 755

11/03/2015-ൽ മറുപടിക്ക്

## സാംക്രമിക രോഗങ്ങൾ പകരാതിരിക്കുവാൻ നടപടി

ചോദ്യം

**ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി**

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

എ) പക്ഷിപ്പനി, കരങ്ങ്പനി, എബോള തുടങ്ങിയ സാംക്രമിക രോഗങ്ങൾ മനുഷ്യരിലേക്ക് പകരാതിരിക്കുവാനും സംസ്ഥാനത്ത് ഇവയെ നിയന്ത്രണ വിധേയമാക്കുവാനും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

എ) പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി രോഗം റിപ്പോർട്ട് ചെയ്ത സ്ഥലത്തിന്റെ 1 കി.മീ. ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളേയും കൊന്ന് സംസ്കരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചു. പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ 1 കി.മീ. ചുറ്റളവിലും അതിന് പുറത്തുള്ള 9 കി.മീ. ചുറ്റളവിലും മനുഷ്യരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും ചെയ്തിട്ടുണ്ട്.

എബോള രോഗം സംസ്ഥാനത്ത് വരാതിരിക്കുവാൻ വേണ്ടി യാത്രക്കാരുടെ കർശനമായ പരിശോധനകൾ രാജ്യാന്തര വിമാനത്താവളങ്ങളിലും കൂടാതെ തുറമുഖങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നു വരുന്ന യാത്രക്കാരെ 30

| | | |
|---|---|---|
| | | ദിവസത്തെ നിരീക്ഷണത്തിന് വിധേയമാക്കുന്നുണ്ട്. സംശയാസ്പദമായ രോഗികൾ ഉണ്ടെങ്കിൽ ചികിൽസിക്കാൻ പ്രത്യേക ആശുപത്രികളേയും, പരിശീലനം ലഭിച്ച സംഘത്തേയും നിയോഗിച്ചിട്ടുണ്ട്. ചികിൽസയ്ക്ക് ആവശ്യമായ വ്യക്തിഗത സംരക്ഷണ ആവരണങ്ങൾ, രോഗാണുബാധ നിയന്ത്രണ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കുരങ്ങുപനി നിയന്ത്രണത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പും ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി സംയോജിച്ച് . കുരങ്ങു മരണമുണ്ടാകുന്ന സ്ഥലങ്ങളിൽ ചെല്ലു് നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. രോഗ സാധ്യത ഏറിയ പ്രദേശങ്ങളിലെ ആദിവാസികൾക്ക് പ്രതിരോധ വാക്സിൻ നൽകുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ റഫറൽ ചികിൽസാ സൗകര്യം ഉറപ്പാക്കി. സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ ചികിൽസാ സൗകര്യം വിപുലീകരിച്ചു. |
| ബി) ഈ രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനും പുതിയ വൈറസുകളെ കണ്ടെത്തുന്നതിനും ആവശ്യമായ ആധുനിക ലാബ് സൗകര്യം സംസ്ഥാനത്ത് ലഭ്യമാണോ; | ബി) & സി) | നിലവിലുള്ള സംവിധാനം അനുസരിച്ച് പക്ഷിപ്പനി, എബോള തുടങ്ങിയ രോഗങ്ങൾ സംശയിക്കുന്ന ആൾക്കാരുടെ രക്തസാമ്പിളുകൾ എൻ.സി.ഡി.സി. (നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ) ഡൽഹിയിൽ അയച്ച് പരിശോധിക്കുകയാണ് ചെയ്യുന്നത്. കുരങ്ങുപനി |

| | |
|---|---|
| സി) ഇല്ലെങ്കിൽ നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ (എൻ.സി.ഡി.സി.), മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറൽ റിസർച്ച് തുടങ്ങിയ സ്ഥാപനങ്ങൾ പോലെ ഒരു സ്ഥാപനം കേരളത്തിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | സംശയിക്കുന്ന രോഗികളുടെ സാമ്പിളുകൾ മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറൽ റിസർച്ചിൽ അയച്ചാണ് ടെസ്റ്റ് ചെയ്യുന്നത്. സംസ്ഥാനത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ ആലപ്പുഴ യൂണിറ്റിലും, തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയിലും കരങ്ങുപനി, എച്ച്1 എൻ1 എന്നിവ പരിശോധിക്കുവാനുള്ള സംവിധാനമുണ്ട്. |

സെക്ഷൻ ഓഫീസർ